ഖുത്ബ
04.07.08
ബയ്ത്തുന്നൂര്‍, കാല്‍ഗരി

# സൗന്ദര്യമല്ല പ്രധാനം; തഖ്‌വയാണ്

**അ**ല്‍ഹംദുലില്ലാഹ് കാനഡ അഹ്മദിയ്യാ ജമാഅത്തിന് മറ്റൊരു പള്ളികൂടി നിര്‍മ്മിക്കാന്‍ സൗഭാഗ്യം ലഭിച്ചിരിക്കുന്നു. നമസ്കാരത്തോടുകൂടി അതിന്റെ ഉദ്ഘാടനം കഴിഞ്ഞതാണ്. പക്ഷേ, ഔപചാരികമായ ഉദ്ഘാടനം ഈ ജുമുആയോടുകൂടി നടക്കുകയാണ്. കാല്‍ഗരിയില്‍ പള്ളി വേണമെന്ന് അനുഭവപ്പെടാന്‍ തുടങ്ങിയിട്ട് ദീര്‍ഘകാലമായി. പക്ഷേ, അല്ലാഹുവിന്റെ ഓരോ പ്രവൃത്തിയിലും ഹിക്മത്തുണ്ട്. കുറച്ചുവര്‍ഷം മുമ്പേ പള്ളി പണിതിരുന്നുവെങ്കില്‍, ഇത്ര വലിയ മനോഹരമായ പള്ളി ഉണ്ടാകാനിടയില്ലായിരുന്നു.

ഇന്നലെ ഞാന്‍ എയര്‍പോര്‍ട്ടില്‍ എത്തിയപ്പോള്‍ നഗരത്തിലെ മേയറും സംസ്ഥാന അസംബ്ലിയിലെ ചില അംഗങ്ങളും സ്വീകരിക്കുന്നതിനുവേണ്ടി എത്തിയിരുന്നു. അവരുമായി സംസാരിച്ചുകൊണ്ട്, ഈ പള്ളി അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ നിങ്ങളുടെ നഗരത്തിന്റെ മനോഹാരിതയ്ക്ക് മാറ്റു കൂട്ടുമെന്ന് പ്രതീക്ഷിക്കുന്നതായി ഞാന്‍ പറഞ്ഞു. അവരെല്ലാവരും ഈ പള്ളിയുടെ സൗന്ദര്യം പുകഴ്ത്തി. വിവിധ സ്ഥലങ്ങളില്‍നിന്ന് ഈ പള്ളിയുടെ മനോഹരമായ ദൃശ്യം കാണാന്‍ കഴിയുന്നുണ്ടെന്ന് അവര്‍ പറഞ്ഞു. ആ സമയത്ത് ഞാന്‍ പള്ളി കണ്ടിരുന്നില്ല. എയര്‍പോര്‍ട്ടില്‍ നിന്നു വരുമ്പോള്‍, വളരെ ദൂരെനിന്ന് ഈ പള്ളിയുടെ മിനാരവും ഗുമ്പദും കാണാന്‍ കഴിഞ്ഞു. നമ്മള്‍ അല്ലാഹുവിനോട് നന്ദി കാണിക്കേണ്ടതാണ്. എന്തെന്നാല്‍, അവന്‍ നമ്മുടെ മനോഹരമായ ഒരു പള്ളി ഈ പ്രദേശത്ത് നിര്‍മ്മിക്കാന്‍ കാനഡ ജമാഅത്തിന് സൗഭാഗ്യം നല്കി. ഈ പള്ളി ഏകദേശം 15 മില്യണ്‍ ഡോളര്‍ ചെലവഴിച്ച് നിര്‍മ്മിച്ചതാണ്. വളരെ നല്ല സ്ഥലവും ഇവിടെ കിട്ടി. നാല് ഏക്കറിന്റെ വളപ്പ്. ലോകം മുഴുവന്‍ കേള്‍ക്കുന്നതുകൊണ്ടാണ് ഞാനിക്കാര്യങ്ങള്‍ പറയുന്നത്. ഇവിടുത്തെ ജമാഅത്ത് തുടങ്ങിവെച്ച വളരെ വലിയൊരു പ്രൊജക്ടായിരുന്നു ഇത്. 'തങ്ങള്‍ പള്ളിക്കുവേണ്ടി ഇത്ര വാഗ്ദാനം ചെയ്തിരുന്നു, ബാഹ്യമായി നോക്കിയാല്‍ വാഗ്ദാനം പെട്ടെന്ന് പൂര്‍ത്തിയാക്കാനുള്ള മാര്‍ഗ്ഗം കാണുന്നില്ല. അതുകൊണ്ട് വാഗ്ദാനം ചെയ്ത തുക പൂര്‍ണ്ണമായും അടച്ചു തീര്‍ക്കാന്‍ കഴിവുണ്ടാകാന്‍ വേണ്ടി ദുആ ചെയ്യുക' എന്നു പറഞ്ഞുകൊണ്ട് ഇവിടുത്തെ അംഗങ്ങളുടെ കത്ത് എനിക്ക് പലപ്പോഴും വരാറുണ്ട്. ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ ജമാഅത്ത് വലിയ ത്യാഗമാണ് ചെയ്തത്. അല്ലാഹു, ഈ ധനത്യാഗത്തില്‍ പങ്കെടുത്ത എല്ലാവര്‍ക്കും ഉത്തമമായ പ്രതിഫലം നല്കുമാറാകട്ടെ. വലിയ വാഗ്ദാനം ചെയ്യുകയും എന്നാല്‍, അവസ്ഥകള്‍ അനുയോജ്യമാകാത്തതുകൊണ്ട് പെട്ടെന്ന് പൂര്‍ണ്ണമായും വാഗ്ദാനം പൂര്‍ത്തിയാക്കാന്‍ കഴിയാതെ വരികയും ചെയ്തവരുടെ മനസ്സില്‍ ഒരു അസ്വസ്ഥതയുണ്ട്. അല്ലാഹു ഇവരുടെല്ലാവരുടെയും ജീവനിലും സമ്പത്തിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. ഈ നാട്ടില്‍ താമസിച്ചുകൊണ്ടുള്ള ഇവിടുത്തെ ജമാഅത്തംഗങ്ങളുടെ ഈ പള്ളിയുടെ നിര്‍മ്മാണം ഇവര്‍ അല്ലാഹുവിന്റെ ഭവനനിര്‍മ്മാണത്തിനായി അത്യുത്സാഹത്തോടുകൂടി പങ്കെടുക്കുന്നവരാണെന്ന് വെളിപ്പെടുത്തിയിരിക്കുന്നു. ലോകത്ത് വസിക്കുന്ന മറ്റ് അഹ്മദികള്‍ അറിയുന്നതിനുവേണ്ടി പറയട്ടെ, ഈ പള്ളിയുടെ പ്ലാന്‍ വളരെ മനോഹരമാണ്. ഒന്ന് പള്ളിയുടെ മെയിന്‍ ഹാളാണ്. പതിനായിരത്ത് നാന്നൂറ് ചതുരശ്ര അടിയാണിത്. ഇതിനുപുറമെ ഒരു ഹാളുണ്ട്. 7200 ചതുരശ്ര അടി വലുപ്പം ഇതിനുണ്ട്. 1800 ചതുരശ്ര അടി വലിപ്പമുള്ള ഡൈനിംഗ് ഹാളുമുണ്ട്. ഇതിനുപുറമെ താമസിക്കാനുള്ള സ്ഥലവും ജമാഅത്തിന്റെയും ശാഖാ സംഘടനകളുടെയും ഓഫീസുകളും ഇതിലടങ്ങിയിരിക്കുന്നു. വലിയ നല്ലൊരു കോംപ്ലക്സാണിത്. എന്തായാലും ഇപ്പോഴത്തെ ആവശ്യത്തിന് ഇത് മതിയായതാണ്. അല്ലാഹുതആല നമ്മുടെ ആവശ്യങ്ങളും വര്‍ദ്ധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ. അവന്റെ തിരുസന്നിധിയില്‍ കൂടുതല്‍ ത്യാഗം സമര്‍പ്പിക്കുന്നതിനും കൂടുതല്‍ പള്ളികള്‍ പണിയുന്നതിനും നമ്മള്‍ തൗഫീഖ് പ്രാപിച്ചുകൊണ്ടിരിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) പള്ളികളെ ജമാഅത്തിന്റെ വ്യാപനത്തിനുള്ള മാര്‍ഗ്ഗമായിട്ടാണ് പറഞ്ഞിരിക്കുന്നത്. ഈ പള്ളിയും ആ ഉദ്ദേശ്യം നിറവേറ്റുന്നതായിത്തീരാന്‍ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. പിന്നെ ഒന്നില്‍നിന്ന് മറ്റൊന്നെന്ന നിലയില്‍ പള്ളിനിര്‍മ്മാണം നടന്നുകൊണ്ടേയിരിക്കട്ടെ.

മസ്ജിദ് നിര്‍മ്മാണത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇപ്പോള്‍ നമ്മുടെ ജമാഅത്തിന് പള്ളികളുടെ ആവശ്യം വളരെയുണ്ട്. ഇത് ദൈവത്തിന്റെ ഭവനമാണ്. ഏത് ഗ്രാമത്തിലായാലും നഗരത്തിലായാലും നമ്മുടെ ജമാഅത്തിന്റെ പള്ളി സ്ഥാപിതമായാല്‍ ജമാഅത്തിന്റെ അഭിവൃദ്ധിക്കുള്ള അടിത്തറ വീണുവെന്ന് മനസ്സിലാക്കിക്കൊള്ളുക. മുസ്ലിംകള്‍ കുറവുള്ള പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഇനി അവരില്ലാത്ത സ്ഥലത്താണെങ്കിലും ഇസ്‌ലാമിനെ അഭിവൃദ്ധിപ്പെടുത്തണമെങ്കില്‍ അവിടെ ഒരു പള്ളി നിര്‍മ്മിക്കേണ്ടതാണ്. പിന്നീട് അല്ലാഹു തന്നെ മുസ്ലിംകളെ വലിച്ചുകൊണ്ടുവരുന്നതായിരി

ക്കും. എന്നാൽ, അതിനുള്ള നിബന്ധന, പള്ളി സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യം ആത്മാർത്ഥതയോടുകൂടിയുള്ളതായിരിക്കണം എന്നതാണ്. അല്ലാഹുവിനു വേണ്ടി മാത്രം അത് നിർമ്മിക്കണം. ശാരീരിക ഉദ്ദേശ്യങ്ങൾക്കോ ആർക്കെങ്കിലും ഉപദ്രവങ്ങളുണ്ടാക്കാനോ ആയിരിക്കരുത്." പറയുന്നു, 'ചുരുക്കത്തിൽ ജമാഅത്തിന് സ്വന്തം പള്ളി വേണ്ടതാണ്. അതിൽ നമ്മുടെ ജമാഅത്തിന്റെ ഇമാമുണ്ടായിരിക്കണം. അദ്ദേഹം ഉപദേശങ്ങൾ നല്കണം. ജമാഅത്തിലെ ആളുകളെല്ലാവരും ചേർന്നുകൊണ്ട് ആ പള്ളിയിൽ നമസ്കാരം ജമാഅത്തായിട്ടനുഷ്ഠിക്കണം. ജമാഅത്തിലും ഐക്യത്തിലും വലിയ അനുഗ്രഹമുണ്ട്. ഐക്യമില്ലായ്മയിൽനിന്ന് ഭിന്നിപ്പുകളുണ്ടാകുന്നു. ഇപ്പോൾ ഐക്യവും അഖണ്ഡതയും പ്രബലപ്പെടുത്തേണ്ടതാണ്. ചെറിയ ചെറിയ കാര്യങ്ങളെ അവഗണിച്ചുകളയണം. ഇല്ലെങ്കിൽ അത് ഭിന്നിപ്പിന് കാരണമാകും." ഇക്കാലഘട്ടത്തിൽ ഈ പാശ്ചാത്യരാജ്യങ്ങളിൽ നമ്മുടെ പള്ളികൾ ജനങ്ങളെ ഇസ്‌ലാമിലേക്ക് ആകർഷിക്കുന്നതിന് വളരെ വലിയ മാർഗ്ഗമാണ്. എന്നല്ല, ഇന്ന് ഇസ്‌ലാമിന്നെതിരിൽ തുടങ്ങിയിട്ടുള്ള പ്രവർത്തന പരിപാടിയിൽനിന്ന് അമുസ്‌ലിംകളെ ഇതിലേക്ക് ശ്രദ്ധിപ്പിക്കേണ്ടത് നമ്മുടെ പള്ളികളാണ്. ഇതാണ് നാം ചെയ്യേണ്ടത്. നിങ്ങൾ ചെയ്ത ഈ ത്യാഗത്തിന് പിന്നിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ആ റൂഹുണ്ട്. ഉണ്ടാകേണ്ടതുമാണ്. അതായത് ജമാഅത്തിന്റെ അഭിവൃദ്ധിക്ക് അടിത്തറയിടുക എന്ന ആത്മാവ്. മുസ്‌ലിംകളുടെയും അമുസ്‌ലിംകളുടെയും ശ്രദ്ധ ഈ ഭാഗത്തേക്ക് തീർച്ചയായും ഉണ്ടാകും. അല്ലാഹുവിനുവേണ്ടി മാത്രം നിങ്ങൾ നിർമ്മിച്ച ഈ പള്ളി നിർമ്മാണത്തിന് പിന്നിൽ തീർച്ചയായും ശാരീരികമായ ഇച്ഛയുടേയോ ഉപദ്രവത്തിന്റേയോ വശമൊന്നുമില്ല. നമ്മൾ നബി(സ)യുടെ ആ സത്യസന്ധനായ പ്രേമിയെ വിശ്വസിക്കുന്നവരാണ്. അദ്ദേഹം ഇക്കാലത്ത് മനുഷ്യനെ ദൈവത്തോടടുപ്പിക്കാനും മനുഷ്യർക്ക് മനുഷ്യരുടെ കടമകൾ പറഞ്ഞുകൊടുക്കാനും എല്ലാത്തരത്തിലുള്ള ഉപദ്രവങ്ങളേയും അകറ്റാനും തന്നെ വിശ്വസിക്കുന്നവരെ ദൈവഭക്തിയുടെ നേർത്ത വഴിയിലൂടെ നടത്താനും വേണ്ടി വന്നിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക, അല്ലാഹുവിന് പ്രിയപ്പെട്ടവർ നല്ലയിനത്തിൽപെട്ട മുന്തിയ വസ്ത്രങ്ങൾ ധരിക്കുന്നവരോ, സമ്പന്നരോ സന്തോഷത്തോടെ ജീവിക്കുന്നവരോ അല്ല. മറിച്ച്, അല്ലാഹുവിന്റെ ദൃഷ്ടിയിൽ പ്രിയപ്പെട്ടവർ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നവരാണ്. അവനുവേണ്ടി മാത്രം ജീവിക്കുന്നവരാണ്." അതിനാൽ അല്ലാഹുവിനുവേണ്ടി മാത്രമായിത്തീരുന്നവർ പള്ളിയോടുള്ള കടമയും ബയ്അത്തിനോടുള്ള കടമയും നിറവേറ്റുന്നു. പള്ളിയോടുള്ള കടമ എങ്ങനെയാണ് നിറവേറ്റപ്പെടുന്നത്? അത് നിറവേറ്റപ്പെടുന്നത് എല്ലാവരും ചേർന്ന് പള്ളിയിൽ ജമാഅത്തായിട്ട് നമസ്കരിക്കുമ്പോഴാണ്. മറ്റുള്ള ആരാധനകൾക്ക് പുറമേ ഈ ജമാഅത്തായിട്ടുള്ള നമസ്കാരംകൊണ്ടുദ്ദേശിക്കുന്നത് ഐക്യത്തിലും അഖണ്ഡതയിലും അഭിവൃദ്ധിപ്പെടുക എന്നതാണ്. ചെറിയ ചെറിയ കാര്യങ്ങളെ അവഗണിക്കുക എന്നതാണ്. പള്ളികൾ നിർമ്മിക്കുക എന്നത് മാത്രമല്ല ജോലി. പ്രത്യുത, ഈ പള്ളികൾ പ്രവർത്തനക്ഷമമായിത്തീരുന്നത് ഇവയിൽ അല്ലാഹുവിനോടുള്ള കടമയും അവന്റെ സൃഷ്ടികളോടുള്ള കടമയും നിറവേറ്റപ്പെടുമ്പോഴാണ്. ഇതില്ലാത്ത പള്ളികൾക്ക് അല്ലാഹു മസ്ജിദ്ളിറാറ് എന്നാണ് പേരിട്ടിട്ടുള്ളത്. അത് സത്യവിശ്വാസികളുടെ ഹൃദയങ്ങളെ തമ്മിൽ ചേർക്കുന്നതിനും പരസ്പരമുള്ള കടമകളിലേക്ക് ശ്രദ്ധചെലുത്തുന്നിനും പകരം അവരിൽ ഭിന്നിപ്പിടാൻ കാരണമായിത്തീരുന്നു. ഇക്കാലത്തെ ഇമാമിനെ വിശ്വസിക്കാത്തവരുടെ പള്ളികൾ ഇതാണ് ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നത്. അവർ പരസ്പരം കുഫ്ർ ഫത്വ നല്കുന്നു. എവിടെയെങ്കിലും ഐക്യമുണ്ടെങ്കിൽത്തന്നെ അത് അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ കുഫ്ർ വിധിക്കുന്നതിൽ മാത്രം! വിദ്വേഷത്തിന്റെ ലാവകൾ ഇവരുടെ ഹൃദയങ്ങളിൽ തിളച്ചുകൊണ്ടിരിക്കുന്നു. ഏതൊരു സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ഉപദേശപ്രസംഗങ്ങൾ നിങ്ങളുടെ പള്ളികളിൽ നിന്ന് നല്കപ്പെടുന്നുവോ, അതിൽനിന്ന് തങ്ങളുടെ പള്ളികൾ ശൂന്യമാണെന്ന കാര്യം അവരിൽ ചിലർതന്നെ പരസ്യമായി പറയുന്നു. ഇത് ആ സത്യസന്ധനായ നബി(സ)യുടെ പ്രവചനമാണ്. അത് പിന്നെ നടക്കാതിരിക്കുന്നതെങ്ങനെ? ആ നബി(സ) അല്ലാഹുവിൽനിന്ന് അറിവ് നേടി ഇന്നേക്ക് 1400 വർഷം മുമ്പേ അത് വെളിപ്പെടുത്തിയിരുന്നു. 'എന്റെ മസീഹും മഹ്ദിയും വെളിപ്പെടുന്നതിനു മുമ്പേ പള്ളികളുടെ അവസ്ഥ ഇതായിരിക്കുമെന്ന്'. ഹദീഥിൽ വന്നിരിക്കുന്നു അടുത്തുതന്നെ നിങ്ങളിൽ ഒരു കാലം വരും. അന്ന് ഇസ്‌ലാമിന്റെ നാമമല്ലാതെ മറ്റൊന്നും അവശേഷിക്കുകയില്ല. വിശുദ്ധഖുർആന്റെ ലിപികളല്ലാതെ മറ്റൊന്നും ബാക്കിയാവുകയില്ല. അക്കാലത്തെ ജനങ്ങളുടെ പള്ളികൾ ജനനിബിഡമായി കാണും. പക്ഷേ, അതിൽ സന്മാർഗ്ഗമുണ്ടാവുകയില്ല. അവരുടെ പണ്ഡിതന്മാർ ആകാശത്തിൻ കീഴിൽ ഏറ്റവും നികൃഷ്ടരായിരിക്കും. അവരിൽ നിന്ന് ഫിത്നകൾ ഉയരുകയും അവരിലേക്കുതന്നെ അത് മടങ്ങുകയും ചെയ്യും."

അഹ്മദികളായ നമ്മൾ ഇന്ന് ഭാഗ്യവാന്മാരാണ്. ഇക്കാലഘട്ടത്തിലെ ഇമാമിനെ വിശ്വസിക്കാനുള്ള ഭാഗ്യം നമുക്ക് കിട്ടി. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തിട്ടുള്ള നാം എപ്പോഴും നമ്മുടെ അവസ്ഥയെക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കണം- അല്ലാഹുവിനോടുള്ള കടമയും സമസൃഷ്ടികളോടുള്ള കടമയും നിറവേറ്റുന്നവരും കാല

ത്തിന്റെ ഇമാമിനോട് സത്യസന്ധമായ ബന്ധം സ്ഥാപിക്കുന്നവരും ആണോ എന്ന്. മനോഹരമായ പള്ളിമാത്രം നമുക്ക് ഒരു ഗുണവും ചെയ്യുകയില്ല. മനോഹരമായ പള്ളി നിർമ്മിച്ചാൽ മാത്രം പോരാ. അതിന്റെ ഉള്ളിൽ പതിപ്പിച്ചിട്ടുള്ള വിലപിടിപ്പുള്ള വസ്തുക്കൾ നമുക്ക് ഒട്ടും പ്രയോജനപ്പെടുകയില്ല. ദൂരത്തുനിന്നു കാണാൻ കഴിയുന്ന നല്ല ഉയരത്തിലുള്ള പള്ളി നമുക്ക് ഒരു പ്രയോജനവും ചെയ്യുകയില്ല. ഒരുകാലത്ത് വലിയ വലിയ പള്ളികൾ നിർമ്മിക്കപ്പെടുമെന്ന് നബി(സ) പ്രവചനം ചെയ്തിരിക്കുന്നു. പക്ഷേ, സന്മാർഗ്ഗശൂന്യമായിരിക്കും അവ എന്നും പറഞ്ഞു. അല്ലാഹുവിനോടുള്ള കടമയും സൃഷ്ടികളോടുള്ള കടമയും നിറവേറ്റാത്ത പള്ളികളായിരിക്കും അവ. മുസ്‌ലിംകളെ സൃഷ്ടിക്കുന്നതിനുവേണ്ടി പള്ളികൾ നിർമ്മിക്കുക എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതിനോടൊപ്പം ഇങ്ങനെയും പറഞ്ഞു: “പള്ളി നല്ലയെടുപ്പുള്ളതും ശക്തമായതും ആയിരിക്കണമെന്നത് നിർബന്ധമല്ല. അല്ലാഹു തആല പ്രകടനപരമായ കാര്യങ്ങളൊന്നും ഇഷ്ടപ്പെടുന്നില്ല. മസ്ജിദ് നബ്‌വി ദീർഘകാലംവരെ പനയോല കൊണ്ടുള്ളതായിരുന്നു. പക്ഷേ, തഖ്‌വയിലായിരുന്നു അതിന്റെ അടിത്തറയുണ്ടായിരുന്നത്. അതിനെ സംബന്ധിച്ച് അല്ലാഹു സാക്ഷിപറഞ്ഞു.”

ആഫ്രിക്കയിൽ നമ്മുടെ ജമാഅത്തുകൾ സ്ഥാപിതമാകുന്നു. മിക്കസ്ഥലങ്ങളിലും വളരെ എളിയ രീതിയിലുള്ള പള്ളികളാണ് നിർമ്മിക്കപ്പെടുന്നത്. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ദരിദ്രോചിതമായ പള്ളികൾ ശക്തമായ ജമാഅത്തിനുള്ള മാർഗ്ഗമായിത്തീരുന്നു. അവസ്ഥകൾക്കനുസരിച്ച്, മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കുന്നതിനായി വലിയ വലിയ പള്ളികളും ജമാഅത്ത് നിർമ്മിക്കാറുണ്ട്. ഈ പള്ളിയും നിങ്ങൾ നിർമ്മിച്ചിരിക്കുന്നത് ഇതുകൊണ്ടുതന്നെയാണ്. ഞാൻ പറഞ്ഞതുപോലെ ഇത് ധാരാളമാളുകളുടെ ശ്രദ്ധാകേന്ദ്രമായിത്തീരാൻ തുടങ്ങിയിരിക്കുന്നു. ഇൻശാ അല്ലാഹ്. ഇത് വർദ്ധിച്ചുവരുന്നതാണ്. പക്ഷേ, ഇതിന്റെ നിർമ്മാണത്തിനുശേഷം വേറൊരു പ്രധാനപ്പെട്ട കാര്യം നമ്മുടെ ചുമതലയിൽ വരുന്നുണ്ടെന്ന കാര്യം ഒരിക്കലും നാം മറക്കരുത്. അത് ഇതിനെ ജനനിബിഡമാക്കുക എന്നതാണ്. അല്ലാഹുവിനോടുള്ള ഭയംകൊണ്ട് നിറഞ്ഞ ഹൃദയക്കാരെക്കൊണ്ട് ഇതിനെ നിറയ്ക്കുക. അവർക്ക് ദൈവഭയമുണ്ടാകണം. ആ ഭയം കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരും അവനെ ആരാധിക്കുന്നവരുമായിരിക്കണം. ആരാധനയോടൊപ്പം സമസൃഷ്ടികളോടുള്ള കടമയും, ജമാഅത്ത് നിസാമിനോടുള്ള കടമയും നിറവേറ്റുന്നവരുമായിരിക്കണം. കാരണം നമ്മുടെ പള്ളികളുടെ അടിത്തറ, ഹദ്റത്ത് ഇബ്റാഹീമും ഹദ്റത്ത് ഇസ്മായീലും (അലയ്ഹിമസ്സലാം) അല്ലാഹുവിന്റെ ഭവനനിർമ്മാണത്തിനുവേണ്ടി ഇട്ടതുപോലെ തന്നെയായിരിക്കേണ്ടതാണ്. അവർക്കതിന്റെ പിന്നിൽ വലിയ വലിയ ലക്ഷ്യങ്ങളുണ്ടായിരുന്നു. ജനങ്ങൾ വീണ്ടും വീണ്ടും സമ്മേളിക്കുന്നതിനും സമാധാനത്തിനുംവേണ്ടിയായിരുന്നു ആ ഭവനം നിർമ്മിക്കപ്പെട്ടത്. ആ ലക്ഷ്യങ്ങൾക്കായി പള്ളികൾ നിർമ്മിക്കാൻ അല്ലാഹു നമ്മോടും കല്പിച്ചിരിക്കുന്നു. അപ്പോഴാണ് ഈ പള്ളി, അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട്, തഖ്‌വയുടെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെടുന്ന പള്ളികളിൽ ഉൾപ്പെടുന്നത്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: ***വ ഇദ് ജഅൽനൽബയ്ത മഥാബത്തൻല്ലിന്നാസി വ അംനാ വത്തഖിദൂ മിൻമ്മഖാമി ഇബ്റാഹീമ മുസല്ലാ വ അഹിദ്നാ ഇലാ ഇബ്റാഹീമ വ ഇസ്മാഈല അൻ ത്വഹ്ഹിറാ ബയ്തിയ ലിത്ത്വാഇഫീന വൽആക്കിഫീന വർറുക്കഇസ്സുജൂദ്.*** നാം നമ്മുടെ ഭവനത്തെ ജനങ്ങൾക്ക് സമ്മേളനകേന്ദ്രവും സമാധാന സങ്കേതവുമാക്കുകയും ഇബ്റാഹീമിന്റെ നമസ്കാര സ്ഥാനത്തെ നിങ്ങൾ നമസ്കാരസ്ഥലമായി സ്വീകരിക്കുകയെന്ന് കല്പിക്കുകയും ചെയ്തപ്പോൾ. പ്രദക്ഷിണം ചെയ്യുന്നവർക്കും ഭജനമിരിക്കുന്നവർക്കും നമിക്കുന്നവർക്കും സാഷ്ടാംഗം പ്രണമിക്കുന്നവർക്കുമായി എന്റെ ഭവനത്തെ നിങ്ങൾ ശുദ്ധമാക്കിവെക്കുകയെന്ന് ഇബ്റാഹീമിനും ഇസ്മായീലിനും (അലയ്ഹിമസ്സലാം) നാം ആജ്ഞ നല്കുകയും ചെയ്തു (2:126).

അതിനാൽ, ഇന്ന് വളരെ വലിയ ത്യാഗം ചെയ്ത് നാം പണി കഴിപ്പിച്ചിട്ടുള്ള ഈ പള്ളിയെ, മനോഹരമായ ഒരു കെട്ടിടമെന്ന നിലയിൽ നിർമ്മിച്ച് ഉപേക്ഷിച്ചുകളയുക നമ്മുടെ ജോലിയല്ല. ഇതിന്റെ മനോഹാരിതയ്ക്ക് മാറ്റുകൂട്ടുന്നത്, നമ്മൾ നിരന്തരം ഇവിടെ വന്നുകൊണ്ടിരിക്കുമ്പോഴും. അഞ്ചുനേരത്തെ നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുമ്പോഴാണ്. അഞ്ചുനേര നമസ്കാരത്തിനായി നാം ഇവിടെ ഹാജരാകുന്നില്ലെങ്കിൽ, നിരന്തരം വരിക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നവരാകുകയില്ല. അപ്പോൾ, ഒരു നമസ്കാരം അടുത്ത നമസ്കാരംവരെയും ഒരു ജുമുഅ അടുത്ത ജുമുഅവരെയുമുള്ള എല്ലാ വൻപാപങ്ങളിൽ നിന്നും രക്ഷിക്കുമെന്ന നബി(സ)ന്റെ ഉറപ്പിൽനിന്ന് നാം പിന്തള്ളപ്പെടും. പാപങ്ങളിൽനിന്ന് രക്ഷപ്പെടുമെന്നുള്ള ഉറപ്പ് കരസ്ഥമാക്കണമെങ്കിൽ ആത്മാർത്ഥതയോടെ ഏകനും തനിച്ചുള്ളവനുമായ അല്ലാഹുവിനെ ആരാധിക്കാൻ നിരന്തരം ഈ പള്ളിയിൽ വരേണ്ടതും നിർബന്ധമാണ്. ഇതാണ് ഈ പള്ളിയുടെ യഥാർത്ഥ സൗന്ദര്യവും മനോഹാരിതയും. ഇതിൽ നിങ്ങൾക്കും ഈ പ്രദേശത്തിനും സമാധാനം ലഭിക്കുമെന്നുള്ള ഉറപ്പുണ്ട്. നല്ലവരായവർക്കും ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നവർക്കും വേണ്ടി അല്ലാഹു മറ്റുള്ളവരേയും വിപത്തുകളിൽനിന്ന് രക്ഷിക്കുന്നു. പള്ളിയിൽ വരുന്നവർ ആത്മാർത്ഥതയോടുകൂടി അല്ലാഹുവിനെ ആരാധിക്കുമ്പോൾ അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റാനും ശ്രദ്ധ

യുണ്ടാകുന്നതാണ്. ഇതും സമൂഹത്തിന്റെ സമാധാനത്തിന് കാരണമാകും. പിന്നീട് അല്ലാഹു പറയുന്നു. ***വത്തഖിദു മിൻമഖാമി ഇബ്റാഹീമ മുസല്ലാ*** അതായത് ഏതൊരു സ്ഥാനത്താണോ ഹദ്റത്ത് ഇബ്റാഹീം (അ) നിന്നിരുന്നത് നിങ്ങളും ആ സ്ഥാനത്ത് നില്ക്കാൻ ശ്രമിക്കുക. തഖ്‌വയുടെ സ്ഥാനമായിരുന്നു അത്. ബാഹ്യമായ കല്ലോ സ്ഥലമോ സ്ഥാനമായി അടയാളപ്പെടുത്താറുണ്ട്. പക്ഷേ, അടിസ്ഥാനം തഖ്‌വയാണ്. അതാണ് യഥാർത്ഥ സ്ഥാനം. മനുഷ്യൻ ആ സ്ഥാനത്ത് നില്ക്കുമ്പോൾ അല്ലാഹുവിന്റെ യഥാർത്ഥമായ തിരിച്ചറിവ് അതുമുഖേനയുണ്ടാകുന്നു. പിന്നീട് അവൻ അല്ലാഹുവിനെ ആരാധിക്കുന്നതിൽ അഭിവൃദ്ധിപ്പെടുന്നു. അവൻ തന്റെ ദീനിനുവേണ്ടി ത്യാഗം വരിക്കാൻ പരിശ്രമിക്കുന്നു. ഈ 'ഇബ്റാഹീമിന്റെ സ്ഥാനം' വെറും ആചാരപരമായിട്ടുള്ള ബാഹ്യമായ സ്ഥാനമല്ല. മറിച്ച്, ഹദ്റത്ത് ഇബ്റാഹീം(അ) അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിനുവേണ്ടി ചെയ്ത ആരാധനകളുടെയും ത്യാഗങ്ങളുടെയും പരമ്പരയുടെ പേരാണത്. നമ്മൾ ഈ സ്ഥാനം കരസ്ഥമാക്കാൻ ശ്രമിക്കുകയും ഹദ്റത്ത് ഇബ്റാഹിം(അ) ചെയ്ത ആ ദുആയിലേക്ക് ശ്രദ്ധിക്കുകയുമാണെങ്കിൽ നമ്മുടെ സന്താനങ്ങളെ ഇതിൽ നിലനിറുത്താനുള്ള ചുറ്റുപാടുകൾ സൃഷ്ടിക്കുകയായിരിക്കും അതുമുഖേന നാം ചെയ്യുന്നത്; ഇക്കാലത്തെ ഇബ്റാഹീമിന് അല്ലാഹു നല്കിയ പാരിതോഷികങ്ങളിൽ സ്വയം ഭാഗഭാക്കാകുകയും നമ്മുടെ മക്കളേയും ആ പാരിതോഷികങ്ങളുമായി ബന്ധിപ്പിക്കുകയുമായിരിക്കും ചെയ്യുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ അല്ലാഹു ഇൽഹാമിലൂടെ ഇബ്റാഹീം എന്ന് സംബോധന ചെയ്തിട്ടുണ്ട്. ***സലാമുൻ അലാ ഇബ്റാഹീമ സ്വാഫയ്നാഹു വനജ്ജയ്നാഹു മിനൽഗമ്മി. ഫത്തഖിദു മിൻമഖാമി ഇബ്റാഹീമ മുസല്ല***. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "ഇബ്റാഹീമിന്റെമേൽ സമാധാനം. അതായത് ഈ വിനീതനുമേൽ. നാം അവനോട് ആത്മാർത്ഥതയോടെ സുഹൃത്ത്ബന്ധംകൂടി. എല്ലാ ദുഃഖത്തിൽനിന്നും അവന് രക്ഷ നല്കി. പിൻപറ്റുന്നവരായ നിങ്ങൾ, നിങ്ങളുടെ നമസ്കാരത്തിന്റെ സ്ഥാനം ആ ഇബ്റാഹീമിന്റെ ചുവടിന്റെ സ്ഥാനമാക്കുക. അതായത് മോക്ഷം പ്രാപിക്കുന്നതിന് പൂർണ്ണമായും അദ്ദേഹത്തെ പിൻപറ്റുക." വീണ്ടും പറഞ്ഞു. "പറയുക, എന്റെ അല്ലാഹുവേ, എന്നെ തനിച്ചുവിട്ടുകളയരുതേ. നീയാണ് ഏറ്റവും നല്ല അനന്തരാവകാശി." ആ മഹാത്മാവ് പറയുന്നു. "ഈ ഇൽഹാമിൽ അടങ്ങിയിട്ടുള്ള സൂചന അല്ലാഹു തനിച്ചാക്കി വിട്ടുകളയുകയില്ല എന്നും ഇബ്റാഹീമിനെപോലെ ധാരാളം സന്താനം നല്കുകയും നിരവധിയാളുകൾ ആ സന്താനങ്ങളിൽനിന്ന് അനുഗ്രഹം പ്രാപിക്കുകയും ചെയ്യുമെന്നാണ്." ആ മഹാത്മാവ് പറയുന്നു: ***വത്തഖിദു മിൻമഖാമി ഇബ്റാഹീമ മുസല്ല*** എന്നത് വിശുദ്ധഖുർആനിന്റെ വചനമാണ്. മഖാം എന്നതിന്റെ അർത്ഥം അയക്കപ്പെട്ട ഇബ്റാഹീമേ, നീ നിന്റെ ആരാധനകളേയും വിശ്വാസങ്ങളേയും ആ രീതിയിലാക്കി അനുഷ്ഠിക്കുക എന്നാണ്. എല്ലാ കാര്യത്തിലും അദ്ദേഹത്തിന്റെ മാതൃകയിൽ നിന്നെയാക്കിത്തീർക്കുക. പിന്നീട് പറഞ്ഞു. ***വത്തഖിദു മിൻമഖാമി ഇബ്റാഹീമ മുസല്ല*** എന്ന വചനം അവസാനകാലത്ത് ഉമ്മത്തെ മുഹമ്മദിയ്യായിൽ ശിർക്കുകൾ വർദ്ധിക്കുമ്പോൾ ഒരു ഇബ്റാഹീം ജനിക്കുമെന്ന സൂചനയും നല്കുന്നുണ്ട്. ആ കക്ഷികളിൽ മോക്ഷം നേടുന്ന കക്ഷി ആ ഇബ്റാഹീമിനെ പിൻപറ്റുന്നവരായിരിക്കും."

ഇതാണ് ഒരു അഹ്മദിയുടെ ജീവിതത്തിന്റെ ഉദ്ദേശ്യം. അതായത്, മോക്ഷം പ്രാപിക്കാൻ പൂർണ്ണമായും അനുസരണം പുലർത്തണം. പൂർണ്ണമായും അനുസരണം എങ്ങനെയാണ് സാധ്യമാവുക? ഓരോ അഹ്മദിയും പൂർണ്ണമായും പിൻപറ്റുന്നതിലേക്ക് ശ്രദ്ധ പതിപ്പിക്കുന്നവരായിത്തീരുന്നത് എപ്പോഴും അനുസരണത്തിന്റെ ഉത്തമമായ മാതൃക സ്ഥാപിക്കണമെന്ന് വിചാരിക്കുമ്പോഴാണ്. ബയ്അത്തിന്റെ നിബന്ധന ഓർത്തുകൊണ്ടിരിക്കുമ്പോഴും ആ നിബന്ധനയനുസരിച്ച് നടക്കാൻ കഴിയുന്നത്ര ശ്രമിക്കുമ്പോഴുമാണ്. അപ്പോഴാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മീയസന്താനങ്ങളിൽ പെടുന്നത്. നന്മയിൽനിന്നുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അനന്തരാവകാശികളായ ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ മക്കളെപ്പോലെ, അപ്പോൾ ഇക്കാലത്തെ ഇബ്റാഹീമിനെ പൂർണ്ണമായും പിൻപറ്റിക്കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അനന്തരാവകാശികളാകും.

തന്നെ അല്ലാഹു തനിച്ചുവിട്ടുകളയുകയില്ലെന്ന് അവൻ വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ആ മഹാത്മാവിന് ആത്മാർത്ഥരായവരുടെ ജമാഅത്ത് നല്കിക്കൊണ്ടേയിരിക്കും. അല്ലാഹുവിന്റെ സ്നേഹത്തെ ആകർഷിച്ചെടുക്കുംവിധം ആരാധനകളുടെയും കർമ്മങ്ങളുടെയും നിലവാരം ഉയർത്തുകയും ആ നിലയിൽ നമ്മുടെ പള്ളിയെ ജനനിബിഡമാക്കിത്തീർക്കുകയും സമാധാനത്തിന്റെയും ശാന്തിയുടെയും സ്നേഹത്തിന്റെയും മാതൃക സ്ഥാപിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ജോലി.

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന നമുക്കായി നിശ്ചയിച്ചിട്ടുള്ള പാരിതോഷികങ്ങളിൽനിന്ന് പിന്തള്ളപ്പെട്ടുപോകാതിരിക്കാൻ അനുസരണത്തിന്റെ ഏറ്റവും ഉന്നതമായ മാതൃക കാണിക്കുക. വീണ്ടും ആ മഹാത്മാവ് പറഞ്ഞു. ആരാധനകളേയും വിശ്വാസാദർശങ്ങളേയും അദ്ദേഹത്തിന്റെ രീതിയിലാക്കുക. അതായത് ഇക്കാലത്തെ ഇബ്റാഹീമിന്റെ രീതിയിൽ. ഓരോ കാര്യത്തിലും അദ്ദേഹത്തിനെ പോലെ

യാവുക. അങ്ങനെ ചെയ്യുമ്പോൾ നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് ആ മുഹമ്മദീ മസീഹിന്റെ ജമാഅത്തിൽ പെട്ടവരാണെന്ന് ഗണിക്കപ്പെടും. അതാണ് ഇസ്‌ലാമിക കക്ഷികളിൽ മോക്ഷത്തിന്നർഹരായ കക്ഷി. ആ കക്ഷിക്ക് അല്ലാഹു ഖിലാഫത്ത് എന്ന അനുഗ്രഹം നല്കിയിരിക്കുന്നു. അത് ഒരു ജമാഅത്തിന്റെ രൂപത്തിലാണുള്ളത്. ഒരു കൈ ഉയരുമ്പോൾ എഴുന്നേല്ക്കാനും അത് താഴുമ്പോൾ ഇരിക്കാനും അറിയുന്നവരാണ് അതിലെ അംഗങ്ങൾ. ത്യാഗങ്ങൾ ചെയ്യാൻ ഉത്സുകരാണവർ. കഅ്ബ മന്ദിരത്തിന്റെ രീതിയിൽ തങ്ങളുടെ പള്ളികൾ നിർമ്മിക്കുന്നവരാണവർ. അവർ തങ്ങളുടെ സന്താനങ്ങളെ ഇബ്റാഹീം(അ)നെപോലെ ദീനിനുവേണ്ടി സമർപ്പിക്കുന്നു. അതിനാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽപ്പെട്ടിരിക്കുന്ന നാം കഴിയുന്നത്ര പള്ളികൾ നിർമ്മിക്കേണ്ടതാണ്; ഇസ്‌ലാമിലേക്ക് ജനശ്രദ്ധയുണ്ടാകുന്നതിനും നമ്മുടെ മക്കളുടെ ദീനിനും ഏകനായ അല്ലാഹുവിനെ ലോകത്ത് പരിചയപ്പെടുത്തിക്കൊടുക്കുന്നതിനും അവന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുന്നതിനുമുള്ള ആളുകൾ എപ്പോഴും ജനിച്ചുകൊണ്ടേയിരിക്കാൻ വേണ്ടിയാണിത്.

ഇവിടെ ഒരു കാര്യത്തിലേക്ക് പ്രത്യേകം നിങ്ങളുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. നിങ്ങളുടെ ആരാധനകളേയും വിശ്വാസാദർശങ്ങളേയും ഇബ്റാഹീമിന്റെ രീതിയിൽ അനുഷ്ഠിക്കുക എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. അതായത്, ഇക്കാലഘട്ടത്തിൽ മോക്ഷം നിലകൊള്ളുന്നത് ഇതിലാണ്. നിങ്ങളുടെ ആരാധനകളെ, ഇക്കാലത്തെ നീതിമാനായ വിധികർത്താവ് നമ്മോടു പറഞ്ഞതുപോലെ അത്യുത്സാഹത്തോടുകൂടി അനുഷ്ഠിക്കുക. ഏതുപോലെ ഇക്കാലത്തെ ഇമാം നമ്മെ നിലനിറുത്താൻ ആഗ്രഹിക്കുന്നുവോ അതുപോലെ നമ്മുടെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുക. ഇക്കാലത്തെ നീതിമാനായ വിധികർത്താവ് നമ്മോടു പറഞ്ഞതുപോലെ നടക്കുക. വ്യക്തിപരമായ ആഗ്രഹങ്ങളും ഭൗതികമായ മോഹങ്ങളും കാരണത്താൽ നമ്മുടെ വിശ്വാസത്തെ വില്ക്കരുത്. എന്താണ് വിശ്വാസം? ഇത് ഹൃദയത്തിന്റെ വിശ്വാസദാർഢ്യമാണ്. ഇതിന്നെതിരിൽ മറ്റുള്ളതെല്ലാം നിഷ്പ്രഭമാണ്. അങ്ങനെതന്നെയാണ് വേണ്ടതും. ഇതിന്നെതിരിൽ ഒരു വസ്തുവിനും ഒരു പ്രാധാന്യവുമില്ല. നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് ഏതൊരു മസീഹും മഹ്ദിയുമാണോ വരേണ്ടിയിരുന്നത് അത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) ആണെന്ന് എല്ലാ അഹ്മദികളും ദൃഢമായും വിശ്വസിക്കുന്നു. ആ മഹാത്മാവിന് ബയ്അത്ത് ചെയ്തതുകൊണ്ട് നമുക്ക് ആ മഹാത്മാവിന്റെ ഓരോ കല്പനയുമനുസരിച്ച് നടക്കേണ്ടത് ഇപ്പോൾ നിർബന്ധമാണ്. എന്നാൽ, ചിലപ്പോൾ ആളുകൾ തന്നിഷ്ടം കാരണത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ലുള്ള വിശ്വാസത്തിന് ക്ഷതം തട്ടുംവിധമുള്ള പ്രവൃത്തികൾക്കിരയാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശ്വാസപരമായി ബലഹീനത കാണിക്കുന്നവൻ ളാലിമാണ്. അറിഞ്ഞോ അറിയാതെയോ അവൻ ചെയ്യുന്ന പ്രവൃത്തിയുടെ തിക്തഫലം അവൻ മനസ്സിലാക്കുന്നില്ല. അതവനെ ബയ്അത്ത് ചെയ്തുവെന്ന വാദത്തിൽനിന്ന് മാറ്റിനിറുത്തുന്നു." അതിന്നൊരു ഉദാഹരണം ഞാൻ പറയാം. ഈ ബലഹീനത ഇപ്പോൾ വേഗം വളരാൻ തുടങ്ങിയിരിക്കുകയാണ്. എന്റെ പക്കൽ അത് തികച്ചും വിശ്വാസപരമായ തെറ്റാണ്.

അത് വിവാഹപ്രശ്നമാണ്. വിവാഹം കഴിക്കുക എന്നത് നല്ലൊരു കാര്യമാണ്. അല്ലാഹുവും നബി(സ) തിരുമേനിയും ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. എന്നല്ല, വിധവകൾ വിവാഹം കഴിക്കണമെന്നും അവരുടെ ബന്ധുക്കൾ അതിന് തടസ്സം നില്ക്കരുതെന്നും കല്പിച്ചിട്ടുണ്ട്. നബി(സ) തിരുമേനിയും തന്റെ സ്വഹാബത്തിനെ വിവാഹം കഴിക്കാൻ പ്രോത്സാഹിപ്പിച്ചിരുന്നു. ബന്ധങ്ങൾ ആലോചിച്ച് ശരിപ്പെടുത്തിക്കൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ, ഈ നല്ല പ്രവൃത്തി ചിലപ്പോൾ ചില അഹ്മദി കുടുംബത്തിന് പരീക്ഷണമായിത്തീരാറുണ്ട്. ജമാഅത്ത് വ്യവസ്ഥിതിക്ക് അതിൽ ഒരു പങ്കുമുണ്ടായിരിക്കുകയില്ല. എന്നാൽ, ചിലയാളുകൾ ജമാഅത്തിനേയും ആക്ഷേപിക്കാൻ തുടങ്ങുന്നു. ഒരാൾ തന്റെ ഇഷ്ടത്താൽ അനഹ്മദി സ്ത്രീയെ വിവാഹം കഴിക്കുമ്പോഴാണ് ഇതുണ്ടാകുന്നത്. ജമാഅത്ത് അതിഷ്ടപ്പെടുകയില്ലെന്നും തനിക്ക് അനുവാദം കിട്ടുകയില്ലെന്നുമുള്ള ഉദ്ദേശ്യമാണ് അയാൾക്കുള്ളത്. ചിലപ്പോൾ അനഹ്മദി മൗലവിയോ മറ്റോ നിക്കാഹ് കർമ്മം നിർവഹിക്കുന്നതിന് അനഹ്മദികളായ സ്ത്രീപക്ഷം നിബന്ധനവെക്കുന്നു. അനഹ്മദികളെക്കൊണ്ട് അത്തരക്കാർ നിക്കാഹ് കർമ്മം നിർവഹിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽനിന്ന് പുറത്തേക്കെടുത്തിടുന്ന ഒരു തെറ്റിന് ഇരയായി മാറുന്നു. കാരണം ഈ നിക്കാഹ് കർമ്മം നിർവ്വഹിക്കുന്ന വ്യക്തി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിഷേധിച്ചയാളാണ്. കാഫിർ എന്ന് പറയുന്നയാളാണ്. അതായത് അത്തരം അഹ്മദീയുവാവ് അല്ലെങ്കിൽ അവനെ വിവാഹത്തിന് സഹായിക്കുന്ന അവന്റെ കുടുംബംതങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽനിന്ന് പുറത്തുകടന്ന് ഈ നിക്കാഹ് കർമ്മം മൗലവിയെക്കൊണ്ട് നിർവ്വഹിച്ച് നൗഊദ്ബില്ലാഹ് ആ മഹാത്മാവിനെ നിഷേധിക്കുകയും അവിശ്വസിക്കുകയും ചെയ്യുന്നുവെന്ന് സ്വയം വിളംബരപ്പെടുത്തുകയാണ് ചെയ്യുന്നത്. അത്തരം വ്യക്തികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മസഹീയ്യത്ത് മഹ്ദിവിയ്യത്ത് എന്ന വാദത്തെ നിഷേധിക്കുന്നവരാണ്. കാരണം കള

വാക്കുകയും നിഷേധിക്കുകയും ചെയ്യുന്ന മൗലവിയെ ആ മഹാത്മാവിന്നെതിരിൽ അവർ എഴുന്നേല്പിച്ചു നിറുത്തി. ഇക്കാരണത്താൽ അവരെ ജമാഅത്തിൽനിന്ന് പുറത്താക്കുമ്പോൾ 'നിക്കാഹ് കർമ്മം തങ്ങൾ സുന്നത്തനുസരിച്ചാണ് നിർവ്വഹിച്ചതെന്നും എന്നിട്ടും തങ്ങളോട് ജമാഅത്ത് അക്രമം കാണിച്ചുവെന്നും പറയുന്നു. ആരുടെയെങ്കിലും പിതാവിനെ ആരെങ്കിലും ചീത്തപറഞ്ഞാൽ അതിന്നെതിരെ കൊല്ലാനും മരിക്കാനും തയ്യാറാകുന്നു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അഭിമാനത്തിന്റെ പ്രശ്നം വരുമ്പോൾ അവരുടെ അഭിമാനം സ്വന്തം ഇഷ്ടങ്ങളുടെയും ശരീരേച്ഛകളുടേയും ഇരയായി മാറുന്നു. അഥവാ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അനുവാദം വാങ്ങി അഹ്മദിയെക്കൊണ്ട് നിക്കാഹ് കർമ്മം നിർവ്വഹിക്കുകയാണെങ്കിൽ സ്വന്തം ഈമാനെ സംരക്ഷിക്കുന്നവരായിരിക്കും. പരീക്ഷണങ്ങളിൽനിന്ന് രക്ഷപ്പെടുകയും ചെയ്യും.

മറ്റൊന്ന് ശരീരേച്ഛകളുടെ ഇരകളായിത്തീരുന്നതിനു പകരം നബി(സ) പറഞ്ഞ മനോഹരമായ അധ്യാപനങ്ങളനുസരിച്ച് ദീനീപരമായ വശം നോക്കുക എന്നുള്ളതാണ്. അഹ്മദി കുടുംബത്തിൽനിന്ന് ബന്ധം ഉറപ്പിക്കുക. നല്ലവളും ദീനുള്ളവളുമായ പെൺകുട്ടിയെ അന്വേഷിക്കുക. എന്നാൽ, പരീക്ഷണങ്ങളിൽനിന്ന് രക്ഷപ്പെടുമെന്ന് മാത്രമല്ല, കുടുംബത്തേയും വിപത്തുകളിൽനിന്ന് രക്ഷിക്കുന്നവരുമായിരിക്കും. കൂടാതെ പ്രതിഫലം പ്രാപിക്കുകയും ചെയ്യും.

ഇപ്രകാരംതന്നെ മാതാപിതാക്കൾ സ്വാതന്ത്ര്യം നല്കിയിരിക്കുന്ന ചില പെൺകുട്ടികൾ ആരെങ്കിലും കാരണത്താൽ അന്യരിൽനിന്ന് വിവാഹം കഴിക്കുന്നു. അവരും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽനിന്ന് തങ്ങളെ വേർപെടുത്തുന്നുവെന്ന് മാത്രമല്ല ഇഷ്ടപ്പെടാതെതന്നെ തങ്ങളുടെ മക്കളെ അന്യരുടെ കൈയിൽ കൊടുക്കുകയാണ് ചെയ്യുന്നത്. 'ഇഷ്ടപ്പെടാതെ' എന്ന് ഞാൻ പറയാൻ കാരണം ചില പെൺകുട്ടികൾ അഹ്മദികളുമായി ബന്ധം വിച്ഛേദിക്കാൻ ആഗ്രഹിക്കാറില്ല എന്നതുകൊണ്ടാണ്. അത്തരം സാഹചര്യത്തിൽ വിവാഹം കഴിപ്പിച്ചാൽ വിവാഹത്തിനുശേഷം അവരുടെ മക്കൾ അന്യരുടെ മടിത്തട്ടിൽ വളരുകയല്ലാതെ മറ്റൊരു നിർവ്വാഹവുമില്ല. ഈ പ്രശ്നം ഇപ്പോൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇത് മാറ്റേണ്ടത് അത്യാവശ്യമാണെന്ന് ഞാൻ മനസ്സിലാക്കി. അതിനാൽ ഓരോ അഹ്മദിയും ദുൻയാവിനേക്കാൾ ദീനിനെ മുന്തിക്കുമെന്ന പ്രതിജ്ഞയിലേക്ക് ഏറെ ശ്രദ്ധിക്കേണ്ടതാണ്. ചില പ്രവൃത്തി ദീനിനെ ബാധിക്കുന്നുവെന്ന് കണ്ടാൽ അവിടെ എല്ലാ ഭൗതികാഗ്രഹങ്ങളും കൈവെടിഞ്ഞ് നന്മയിലേക്ക് തിരിയേണ്ടതാണ്. ഇത് ഓരോ അഹ്മദിയും തിരിച്ചറിയുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ തീർച്ചയായും അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നവരായിത്തീരും. ഇക്കാലത്തെ ഇബ്റാഹീമുമായി സത്യസന്ധമായ ബന്ധം സ്ഥാപിക്കുകയും അതേ നിലയിൽ പിൻപറ്റുകയും ചെയ്യുന്നതായിരിക്കും. ഇതിനോടനുബന്ധിച്ച് ഒന്നുകൂടി പറയട്ടെ, ശിക്ഷ കൊടുക്കേണ്ട കാര്യം എന്റെ മുന്നിൽ വരുമ്പോൾ- അത് കൊടുക്കേണ്ടത് ഒരു നിയമപരമായ കാര്യമാണ്- അതെനിക്ക് ഏറെ വിഷമമുണ്ടാക്കുന്ന കാര്യമാണ്.

പിന്നെ സമാധാനത്തിന്റെ സ്ഥാപനവും പള്ളിയുമായി ബന്ധപ്പെട്ടതാണ്. ഞാൻ പറഞ്ഞതുപോലെ ആത്മാർത്ഥമായി അല്ലാഹുവിനെ ആരാധിക്കുമെന്ന ഉദ്ദേശ്യത്തോടെ പള്ളിയിൽ വരുന്നവർ അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമയും നിറവേറ്റുന്നവരായിരിക്കും. എന്നാൽ, പള്ളിയിൽ വരികയും സൃഷ്ടികളോടുള്ള കടമ നിറവേറ്റാതിരിക്കുകയും ചെയ്യുന്നവർ തങ്ങളുടെ പ്രവൃത്തികൊണ്ട് തങ്ങളെ സത്യസന്ധമായ അനുസരണത്തിൽനിന്ന് വെളിയിലാക്കുകയാണ് ചെയ്യുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റുള്ളവരോടുള്ള കടമകൾ നിറവേറ്റാൻ, തന്റെ ഗ്രന്ഥങ്ങളിലും മൽഫൂസാത്തിലും എത്രമാത്രം പറഞ്ഞിരിക്കുന്നുവെന്നുവെച്ചാൽ, ആ മാഹാത്മാവിന്റെ സത്യസന്ധനായ ശിഷ്യനാണെങ്കിൽ അത് അവഗണിക്കുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. എന്നാൽ, അഹോ, കഷ്ടം! ചില അഹ്മദികൾ ഈ മനോഹരമായ അധ്യാപനത്തിൽനിന്ന് അകന്നുപോകുന്നു. അവരാണെങ്കിൽ അഹ്മദികളാണെന്ന് വാദിക്കുന്നവരുമാണ്. എന്നിട്ടും ഒരുകൂട്ടർ മറ്റുകൂട്ടരുടെമേൽ ആക്ഷേപമുന്നയിക്കുന്നു. കലഹങ്ങളുണ്ടാക്കുന്നു. പ്രത്യേകിച്ചും ഭാര്യയും ഭർത്താവും തമ്മിലുള്ള വഴക്ക്. സ്ത്രീയുടെമേൽ സഭ്യേതരമായ ആക്ഷേപങ്ങൾ ഉന്നയിക്കാൻപോലും മടിക്കുന്നില്ല. എന്നല്ല, അവരെ അപമാനിക്കാൻ ശ്രമിക്കുന്നു.

അത്തരക്കാർ അല്പം ആത്മപരിശോധന നടത്തുക. അല്ലാഹുവിനെ അല്പം ഭയപ്പെടുക. എനിക്ക് ചിലപ്പോൾ പരാതികൾ ലഭിക്കാറുണ്ട്. ചില ഭാരവാഹികളും നീതിയുടെ തേട്ടം അവഗണിച്ചുകൊണ്ട് മോശപ്പെട്ടയാളുകളുടെ പക്ഷം ചേരുന്നു. അവരോട് ഞാൻ പറയുകയാണ് നിങ്ങൾ നീതി എന്താണോ ആവശ്യപ്പെടുന്നത് അത് പൂർത്തിയാക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതൊരു ഐക്യവും അഖണ്ഡതയും ഉണ്ടാക്കാനാണോ നിയോഗിതനായിട്ടുള്ളത് അത് പൂർത്തിയാക്കാൻ ശ്രമിക്കുക. ഇല്ലെങ്കിൽ പ്രതിജ്ഞ ലംഘിക്കുന്നവരും തന്റെ കടമകൾ നിറവേറ്റാത്തവരും എന്നല്ല വഞ്ചിക്കുന്നവർ എന്നുതന്നെ പറയപ്പെടും. അത്തരക്കാർ ചില കേസുകളിൽനിന്ന് ഇവിടെ രക്ഷപ്പെട്ടാലും അല്ലാഹുവിന്റെ മുമ്പിൽ എന്ത് മറുപടി കൊടുക്കാനാണ്?

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേർന്നിരിക്കുന്ന നമുക്ക് അല്ലാഹുവിനോടുള്ള കടമ നിറവേറ്റാനും പള്ളിയുടെ നിർമ്മാണവും അതിലെ ആരാധനകളോടുള്ള കടമയും അല്ലാഹുവും അവന്റെ റസൂലും കല്പിച്ചപ്രകാരം നിർവ്വഹിക്കാനും ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽ നിന്ന് പ്രതീക്ഷിച്ചപ്രകാരം അത് നിറവേറ്റാനും അവൻതന്നെ നമുക്ക് ഭാഗ്യം നല്കുമാറാകട്ടെ. പരസ്പരം സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുന്നവരായിത്തീരാനും സമാധാനത്തിന്റെയും ശാന്തിയുടെയും സന്ദേശം നല്കുന്നവരായിമാറാനും അവൻ നമ്മെ സഹായിക്കട്ടെ. പള്ളികൾ നമ്മുടെയുള്ളിൽ ആരാധനയ്ക്കുള്ള താല്പര്യം ജനിപ്പിക്കുന്നതോടൊപ്പം ഐക്യത്തിന്റെ ചരടിൽ കോർക്കാനുള്ള കാരണമായിത്തീരട്ടെ. എപ്പോഴും നമ്മളിൽ ഓരോ അഹ്മദിയും ദീനിനെ ദുൻയാവിനേക്കാൾ മുന്തിച്ചുകൊണ്ട് തങ്ങളുടെ ആവശ്യങ്ങൾ ദീനിനുവേണ്ടി സമർപ്പിക്കുന്നവരായിത്തീരട്ടെ. ഈ പള്ളിയിൽനിന്ന് നമ്മുടെ ബന്ധങ്ങൾ വിശാലമാവുകയും വളരുകയും ചെയ്യുന്നതോടൊപ്പം (തീർച്ചയായും അതുണ്ടാകും ഇപ്പോൾ പുതിയ പള്ളി നിർമ്മിച്ചിരിക്കുകയാണല്ലൊ) അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിന്റെ സന്ദേശം നമ്മുടെ വാക്കുകൾകൊണ്ട് മാത്രമല്ല, മറിച്ച് നമ്മുടെ പ്രവൃത്തികൾകൊണ്ടും നാം എത്തിക്കുന്നവരായിത്തീരട്ടെ. പ്രബോധനത്തിനുള്ള ഉത്തമമായ മാർഗ്ഗമാണിത്. ഇസ്ലാമിന്നെതിരിലുള്ള എല്ലാ ആക്ഷേപങ്ങളും ദൂരീകരിക്കാനുള്ള മാർഗ്ഗമാണിത്. നമ്മുടെ പ്രവൃത്തികൾ മറ്റുള്ളവരിൽ സ്വാധീനം ചെലുത്തുന്നതുപോലെ നമ്മുടെ വാക്കുകളോ സംസാരമോ സ്വാധീനം ചെലുത്തുകയില്ല. ഇവിടുത്തെ ജനങ്ങളിൽ നിങ്ങൾ ഉൾക്കൊണ്ടിരിക്കുന്ന നന്മ സ്ഥാപിക്കേണ്ടതാണ്. ഇങ്ങനെയാണ് ജമാഅത്ത് വ്യാപിക്കുക എന്ന ഉദ്ദേശ്യം പൂർത്തിയാകേണ്ടത്. ഇതിൽനിന്ന് ഇൻശാ അല്ലാഹ് ജമാഅത്ത് അഭിവൃദ്ധിപ്പെടും. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 04.07.2008 at Kalgari, Canada

Translated by: Muhammad Ismail Aleppey
Mob: 9446656123, 9746058636 Resi: 0497 3294865
Page layout & Typeset : BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala